പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1491 15.02.2016-ൽ മറുപടിക്ക്

ശുചിത്വ കേരളം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിന് ശുചിത്വ കേരളം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ ഗ്രാമം പദ്ധതിയിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. നഗരങ്ങളിലും ഗ്രമപഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്താൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ? | (സി) പദ്ധതി നടത്തിപ്പിനായി നഗരങ്ങളിലും ഗ്രാമ പഞ്ചായത്തുകളിലും വിവരം ലഭ്യമാക്കുകയും ഇത്തരത്തിൽ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സാങ്കേതിക സാമ്പത്തിക സഹായം നൽകുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ